**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5082** **14-03-2023 - ൽ മറുപടിയ്ക്ക്**

**കുളത്തൂപ്പുഴ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കുളത്തൂപ്പുഴ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പുതിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | പുനലൂർ മണ്ഡലത്തിൽ 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി എസ്.പി.വിയായി കിലയെ ചുമതലപ്പെടുത്തിയ കുളത്തൂപ്പുഴ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഡിപിആർ തയ്യാറാക്കി കില സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ആയത് കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (ബി) | കുളത്തൂപ്പുഴ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഡിപിആർ തയ്യാറാക്കിയ അവസരത്തിൽ പുതുക്കിയ ഡിഎസ്ആർ/ജിഎസ് ടി നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ പുതിയ നിരക്ക് പ്രകാരം 1.30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് കില എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി കിഫ്ബിയുടെ സാങ്കേതികാനുമതിക്ക് സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കുളത്തൂപ്പുഴ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഡിപിആർ തയ്യാറാക്കിയ അവസരത്തിൽ പുതുക്കിയ ഡിഎസ്ആർ/ജിഎസ് ടി നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ പുതിയ നിരക്ക് പ്രകാരം 1.30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് കില എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി കിഫ്ബിയുടെ സാങ്കേതികാനുമതിക്ക് സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭ്യമായാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ